പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1820 | 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>" മോൻസ് ജോസഫ്<br>" സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദീർഘദൂര സർവ്വീസുകളിൽ നിന്ന് കെ.എസ്.ആർ.ടി.സി. പിൻമാറി പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രധാന വരുമാന സ്രോതസ്സുകളാണ് ദീർഘദൂര സർവ്വീസുകൾ. ടി സർവ്വീസുകളിൽ നിന്ന് പിൻമാറി പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. |
| (ബി) | സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ചെയിൻ സർവ്വീസാക്കുന്നതുകൊണ്ടുള്ള മെച്ചമെന്താണെന്ന് അറിയിക്കുമോ; | (ബി) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.യുടെ 257 സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരി |

| | | | |
|---|---|---|---|
| | | | ച്ചിട്ടുള്ളത്. എന്നാൽ ഹ്രസ്വദൂര യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന നിലവിലുള്ള ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ സർവ്വീസുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടില്ലാത്തതാണ്. |
| (സി) | ദീർഘദൂര യാത്രകൾക്ക് സ്വകാര്യ ലക്ഷ്വറി ബസ്സുകളെ ആശ്രയിക്കുന്ന യാത്രികർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. ഈ മേഖലയിൽ കൂടുതൽ ആകർഷകമായ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം-തൃശ്ശൂർ മേഖലയിൽ ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ മികച്ച സൗകര്യം ഒരുക്കുന്നതിനായി 15 മിനിട്ട് ഇടവേളകളിൽ സർവ്വീസ് ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗതകരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം - ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും സർവ്വീസ് ആരംഭിക്കുന്നതിനായി അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗൂഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കും ഉള്ള റൂട്ടുകൾ ബസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻബത്തേരി- |

| | | | |
|---|---|---|---|
| | | | കോയമ്പത്തൂർ, അർത്തുംഗൽ-വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുണ്ട്. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, കോയമ്പത്തൂർ, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റ് എടുത്ത് സർവ്വീസുകൾ നടത്തി വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**